# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1629**

**31.01.2018 - ൽ**
**മറുപടിയ്ക്ക്**

## റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ

**ചോദ്യം**
**ശ്രീ.എം. രാജഗോപാലൻ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** റീജിയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ നിന്നും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോല്പന്നങ്ങളും വില്പന നടത്തുകവഴി വർഷം തോറും എത്ര കോടി രൂപയുടെ ആദായമാണ് ഉണ്ടായിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

**എ)** പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണകേന്ദ്ര ത്തിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോത്പന്നങ്ങളും വില്പന നടത്തിയത് വഴി 2016-ൽ 50,09,657/- രൂപയുടെയും 2017-ൽ 58,14,028/- രൂപയുടെയും ആദായം ലഭിച്ചിട്ടുണ്ട്. മറ്റു പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളും ഭക്ഷ്യോത്പന്നങ്ങളും വില്പന നടത്തിയത് വഴി 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആദായം ചുവടെ ചേർത്തിരിക്കുന്നു.

| നം. | സ്റ്റേഷനുകളുടെ പേര് | 2016-17 |
|---|---|---|
| 1 | ആർ.എ.ആർ.എസ്., പട്ടാമ്പി | 70,04,510 |
| 2 | ആർ.എ.ആർ.എസ്., കുമരകം | 65,19,965 |
| 3 | ആർ.എ.ആർ.എസ്., വെള്ളായണി | 1,22,86,000 |
| 4 | ആർ.എ.ആർ.എസ്., കായംകുളം | 13,15,549 |
| 5 | ആർ.എ.ആർ.എസ്., അമ്പലവയൽ | 1,84,58,930 |

**ബി)** സംസ്ഥാനത്തെ മറ്റ് ഫാമുകളിലും മാതൃകയാ ക്കാവുന്ന തരത്തിൽ കൃഷിക്കാരെ സഹായി ക്കാനും ജൈവ ഉല്പന്നങ്ങൾ വിതരണം ചെയ്യാനും നടപടികൾ സ്വീകരിക്കുമോ?

**ബി)** സംസ്ഥാനത്തെ മറ്റ് ഫാമുകൾക്ക് മാതൃകയാക്കാവുന്ന തരത്തിൽ കൃഷിക്കാരെ സഹായിക്കാനും ജൈവ ഉത്പന്നങ്ങൾ വിതരണം ചെയ്യാനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർവ്വകലാശാല പുറത്തിറക്കിയ വിവിധ വിളകളിലെ അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ വിത്തും നടീൽ വസ്തുക്കളും ഉൽപാദിപ്പിച്ച് സർവ്വകലാശാലയുടെ ഫാമുക ളിലൂടെ കർഷകർക്കായി വിതരണം ചെയ്യുന്നു. ജൈവ ഉല്പന്നങ്ങളായ മണ്ണിര കമ്പോസ്റ്റ്, വെർമി വാഷ്, ചകിരി ചോറ് കമ്പോസ്റ്റ്, ഫിറമോൺ കെണികൾ, തിളങ്ങുന്ന റിബ്ബണുകൾ, വേപ്പധിഷ്ഠിത കീടനാശിനികൾ, ജൈവ കൂട്ടുകൾ, ജീവാണു വളങ്ങൾ, ട്രൈക്കോഡർമ സ്യൂഡോ മോണസ് തുടങ്ങിയ മിത്രകുമിളുകൾ, ബിവേറിയ, വെർട്ടി സീലിയം, മെറ്റാറൈസിയ തുടങ്ങിയ മിത്ര കീടങ്ങൾ. എന്നിവ സർവ്വകലാശാലയുടെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിച്ച് കർഷകർക്കായി വിതരണം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ